LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വൈദ്യുതിയുടെ ഉൽപ്പാദനത്തോത് വർദ്ധിപ്പിക്കാൻ നടപടി

61 [1162] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1996-2001 കാലയളവിൽ ഉണ്ടായ വൈദ്യുതി ഉൽപ്പാദന വർദ്ധനവ് എത്രയായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉൽപ്പാദന രംഗത്ത് ഉണ്ടായ വർദ്ധനവിന്റെ വിശദ വിവരങ്ങൾ വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഇക്കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഓരോ പദ്ധതിയിലും ഉണ്ടായ ഉൽപ്പാദന വർദ്ധനവിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ തോത് കൂട്ടുന്നതിന് എന്തൊക്കെ പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1996-2001 കാലയളവിൽ വൈദ്യുത പദ്ധതിയുടെ സ്ഥാപിത ശേഷിയിൽ 915.18 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിരുന്നു.

(ബി & സി)

2001—മലമ്പുഴ	..	2.5 മെഗാവാട്ട്
കുത്തുങ്കൽ	..	21 മെഗാവാട്ട്
(സ്വകാര്യമേഖല)	..	23.5 മെഗാവാട്ട്
2002-ബി.എസ്.ഇ.എസ്.(താപനിലയം) (സ്വകാര്യ മേഖല)	..	35.5 മെഗാവാട്ട്
2003	..	ഇല്ല.
2004—ചെമ്പുകടവ് I	..	2.7 മെഗാവാട്ട്
ചെമ്പുകടവ് II	..	3.75 മെഗാവാട്ട്
ഉറുമി I	..	3.75 മെഗാവാട്ട്
ഉറുമി II	..	2.4 മെഗാവാട്ട്
നേര്യമംഗലം പദ്ധതിയുടെ യൂണിറ്റ് 1-ന്റെ ആധുനിക വൽക്കരണ സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ ജോലി	..	3 മെഗാവാട്ട്
ആകെ	..	15.6 മെഗാവാട്ട്
2005—മലങ്കര	..	10.5 മെഗാവാട്ട്
നേര്യമംഗലം പദ്ധതിയുടെ യൂണിറ്റ് 2-ന്റെ ആധുനിക വൽക്കരണ സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ ജോലി	..	3 മെഗാവാട്ട്

ശബരിഗിരി പദ്ധതിയുടെ യൂണിറ്റ് 6-ന്റെ ആധുനിക വൽക്കരണ സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ ജോലി	. .	10 മെഗാവാട്ട്
ആകെ		23.5 മെഗാവാട്ട്
ആകെ മൊത്തം		98.1 മെഗാവാട്ട്

(ഡി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതുവഴി 181.55 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് കൈവരിക്കുന്നതാണ്.

കൂടാതെ പതിനൊന്നാം പദ്ധതിയിൽ 17 ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടുത്തി 508.10 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതി

62 [1163] ശ്രീ. എം. എം. ഹസ്സൻ:
,, എം. മുരളി:
,, കെ. എ. ചന്ദ്രൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതി പ്രകാരം ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം കേന്ദ്രത്തിൽ നിന്ന് എന്തു തുക കിട്ടി;

(ബി) ഗ്രാമീണ വൈദ്യുതീകരണത്തിനായി ഇതിൽ നിന്നും എന്ത് തുക വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് എന്തു തുക ലഭിച്ചിരുന്നു?

ഉത്തരം

(എ—സി) കേന്ദ്ര സർക്കാർ 4-4-2005-ൽ തുടക്കം കുറിച്ച രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിക്ക് വേണ്ടി 221.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച മുഴുവൻ തുകയും സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം കേന്ദ്രത്തിൽ നിന്നും തുക ലഭ്യമാകുന്നതേയുള്ളൂ.

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദനം

63 [1164] ശ്രീ. സി. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; ഇതിൽ ഏതിൽ നിന്നെല്ലാം ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly